മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

ജീവനക്കാര്യം: പ്രളയദുരിതവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കൽ - വൈസ് ചാൻസിലറുടെ ചേംബറിൽ നടന്ന യോഗം - തീരുമാനങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണവിഭാഗം എ1 സെക്ഷൻ

നം. 6625/എ1/2/2018/ഭരണവിഭാഗം തീയതി, പ്രിയദർശിനി ഹിൽസ്, 11.09.2018

സൂചന: 06.09.2018, 2.30 P.M.-ന് വൈസ് ചാൻസിലറുടെ ചേംബറിൽ നടന്ന യോഗത്തിന്റെ നടപടിക്രമം.

**ഉത്തരവ്**

സംസ്ഥാനത്ത് ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയക്കെടുതിയെത്തുടർന്ന് സർവ്വകലാശാലയിൽ നിന്നും നൽകിയ വിവിധ സർട്ടിഫിക്കറ്റുകൾ നഷ്ടമായ വിദ്യാർത്ഥികൾക്ക് ടി സർട്ടിഫിക്കറ്റുകൾ വീണ്ടും ലഭ്യമാക്കുന്നതിനുള്ള നടപടികളെക്കുറിച്ച്, വൈസ് ചാൻസിലറുടെ അദ്ധ്യക്ഷതയിൽ 06.09.2018, 2.30 P.M.-ന് വൈസ് ചാൻസിലറുടെ ചേംബറിൽ നടന്ന യോഗത്തിൽ ചർച്ച ചെയ്യുകയും ഇതു സംബന്ധിച്ച് താഴെ പരാമർശിച്ചിരിക്കുന്ന തീരമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. 24.09.2018-ൽ പ്രിൻസിപ്പാൾസ് കോൺഫറൻസും, 25.09.2018-ൽ അദാലത്തും നടത്തുന്നതാണ്.
2. അദാലത്ത് നടത്തുന്നതിലേയ്ക്കായി, സർട്ടിഫിക്കറ്റുകൾ നഷ്ടമായവരുടെ അപേക്ഷകൾ പോർട്ടലിലൂടെ സ്വീകരിക്കുന്നതാണ്.
3. അദാലത്തുമായി ബന്ധപ്പെട്ട നടപടികൾക്കായി ശ്രീ. സുനിൽ ബാബു കെ., ഡെപ്യൂട്ടി രജിസ്ട്രാർ-3 (ഭരണ വിഭാഗം), ശ്രീ. ഗിരീഷ് സെബാസ്റ്റ്യൻ, ഡെപ്യൂട്ടി രജിസ്ട്രാർ-8 (പരീക്ഷ), ശ്രീ. ദിലീപ് കുമാർ, അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക്), ശ്രീ. സക്കീർ ഹുസൈൻ വൈ., സെക്ഷൻ ഓഫീസർ (DLLE), ശ്രീ. മുഹമ്മദ് നാസർ എം., സെക്ഷൻ ഓഫീസർ (വൈസ് ചാൻസിലറുടെ ഓഫീസ്) എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിരിക്കുന്നു. ഈ കമ്മിറ്റിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുവാൻ ആവശ്യമായ ജീവനക്കാരെ പ്രസ്തുത കമ്മിറ്റി യോഗം കൂടി തീരുമാനിക്കുന്നതാണ്.
4. അദാലത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് പകരം സർട്ടിഫിക്കറ്റ് നൽകുന്നതിന് പരീക്ഷാ കൺട്രോളറെ ചുമതലപ്പെടുത്തുന്നു.
5. എല്ലാ സെക്ഷനുകളിലും സർട്ടിഫിക്കറ്റ് ഫോർമാറ്റ് ഉണ്ടോയെന്ന് അറിയുവാനും അപര്യാപ്തമെങ്കിൽ അത് പ്രിന്റ് ചെയ്യുവാനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനും പരീക്ഷാ കൺട്രോളറെ ചുമതലപ്പെടുത്തുന്നു.
6. നിശ്ചിത തീയതിക്കുശേഷം വരുന്ന അപേക്ഷകളും സ്വീകരിച്ച് സർട്ടിഫിക്കറ്റ് അതിവേഗം ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
മനോജ്കുമാർ കെ.എസ്.
അസിസ്റ്റന്റ് രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പകർപ്പ്:

1. ബന്ധപ്പെട്ട വ്യക്തികൾ/ സെക്ഷനുകൾ
2. വൈസ് ചാൻസിലറുടെ/ പ്രോ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. അസിസ്റ്റന്റ് രജിസ്ട്രാർ / ഡെപ്യൂട്ടി രജിസ്ട്രാർ / ജോയിന്റ് രജിസ്ട്രാർ (ഭരണവിഭാഗം / പരീക്ഷാ വിഭാഗം / അക്കാദമികം / ധനകാര്യം)
5. പബ്ലിക് റിലേഷൻസ് ഓഫീസർ/കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ
6. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

റഫറൻസ്: ഫയൽ നം. എഡി.എ1-2-220/2018